(ബി) സംസ്ഥാനത്ത് അഴിമതിയും കൈക്കൂലിയും ഇല്ലാതാക്കുന്നതിനുവേണ്ടി വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴിമതിക്കെതിരായ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി 2004 നവംബർ 5-ാം തീയതി പൊതുജനങ്ങളെയും മറ്റു സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും മേധാവികളെയും വിജിലൻസ് ഓഫീസർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ, വിജിലൻസ് ബോധവൽക്കരണ വാരാചരണത്തിന്റെ ഭാഗമായി ദൂരദർശനിൽ അഴിമതി നിവാരണ മാർഗ്ഗങ്ങളെപ്പറ്റി ഒരു ചർച്ച സംഘടിപ്പിക്കുകയും അത് ദൂരദർശൻ ഒന്നിൽ കൂടുതൽ തവണ സംപ്രേഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടുതൽ വകുപ്പുകളിൽ മിന്നൽ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ തുടർന്നു നടത്തുന്നതാണ്. കൂടുതൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ അനുവദിച്ച തുകയിൽ അഴിമതി നടത്തിയത് സംബന്ധിച്ച വിജിലൻസ് അന്വേഷണം

45 [128] *ശ്രീ. സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മണ്ഡരി രോഗ നിവാരണത്തിനും പ്രതിരോധത്തിനുമായി സർക്കാർ അനുവദിച്ച തുക ഉപയോഗിക്കുന്നതിൽ അഴിമതി നടത്തിയതായി പാലക്കാട് ജില്ലയിലെ ഏതെങ്കിലും പഞ്ചായത്തുകളുടെ പേരിൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതു സംബന്ധിച്ച് പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളുടെ പേരിൽ വിജിലൻസ് അന്വേഷണം ഒന്നും നിലവിലില്ല. എന്നാൽ പാലക്കാട് ജില്ലയിൽ വല്ലപ്പുഴ കൃഷിഭവൻ മുഖേന മണ്ഡരിക്ക് മരുന്നുതളി നടത്തിയതിൽ അഴിമതിയും പണാപഹരണവും നടത്തി എന്നുള്ള ആരോപണത്തിൻമേൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്.

ഗവൺമെന്റ് പ്രസ്സുകളിലെ പർച്ചേസ് സംബന്ധിച്ച അന്വേഷണം

46 [130] *ശ്രീ. കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലേക്ക് കഴിഞ്ഞ 8 വർഷമായി നടത്തിയ പർച്ചേസിംഗിനെ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ വിഭാഗത്തിന്റെ അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് പരാതി ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly